# വേദ മഹത്വം

ചൊല്ലിപഠിച്ചതും ചൊല്ലികൊടുപ്പതും
ചൊടിയില്ലാതെ ഓതിയെടുപ്പതും
ചൊന്നപ്പാടെ മനമിൽ രമിപ്പതും
ചൊവ്വായതൊന്നതത്രെ ഖുർആൻ

മുപ്പതാണ്ടു ഞാൻ ഓതിതയച്ചതും
മൂലകാര്യമറിയാതെ ഉഴന്നതും
മൂന്നുപേർക്കൊരുപകാരമില്ലാതെ;
മുന്നേറ്റമില്ലാതെ ഞാൻ പിൻവലിഞ്ഞതും
'മുല്ല്'ചൊന്ന പാനഥാവുകൊണ്ടല്ലയോ?

'പുത്തൻ'വാദവും പുതുശ്രേണിയും
പുത്തനുണർവ് കൊണ്ടെൻ മനം തെളിയവെ
പൂർണമാം വെള്ളിവെളിച്ചമീ ഗ്രന്ഥം
പൂരിതം സർവലോകർക്കെന്നുമേ.....

സർവനാഥാ! സഹിപ്പൂമർത്ത്യന്റെ
സർവവിനാശമാമജ്ഞതപൂണ്ടകാലം
സർവർക്കും സവിദമർപ്പിക്കുന്നു ഞാൻ
സർവാത്മനാം നിൻ വിശുദ്ധ വേദമഹത്വം.

**നാജിദാബാനു ആദിരാജ**



# ഇനിയും....

നടന്നതൊന്നും
'വഴി'യായില്ലെന്ന്
മുന്നിൽ നടന്നവർതൻ
വഴിയടയാളങ്ങൾ.
പറഞ്ഞതൊന്നും
'മൊഴി'യായില്ലെന്ന-
ഭിജ്ഞതമാമാഴിപ്പരപ്പി-
ന്നടിയൊഴുക്കുകൾ.
കുറിച്ചതൊന്നുമൊരുതരി
തിരിനാളം പോലു-
മായില്ലെന്നെന്നിൽ
തിരികൊളുത്തുമക്ഷര-
സ്മൃതിരേഖകൾ തൻ
തേജഃപുഞ്ജങ്ങളും....
കുതിച്ചെത്തിയ
കിതപ്പിൻ
സഹനസംസ്കൃതിയുടെ
സൗമ്യതീരത്തുനിന്നും
വേപഥുപൂണ്ടൊരു
മൺചെരാത്-
സത്യസത്തൊളികൾ തൻ
ചിദാകാശദീപങ്ങളിൽ
കണ്ണുനട്ട് ....!

**മുഹമ്മദ്കുട്ടി ഇരിമ്പിളിയം**